**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 322 — 12.01.2021 – ൽ മറുപടിയ്ക്ക്

## വള്ളിക്കുന്ന് മണ്ഡലത്തിൽ വൃദ്ധജന പരിപാലന കേന്ദ്രം.

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ്.പി.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ വൃദ്ധ ജനങ്ങൾക്ക് മാനസികോല്ലാസത്തിനും ആരോഗ്യസംരക്ഷണത്തിനുമുള്ള അവസരങ്ങൾ കുറവായതിനാൽ വൃദ്ധജന പരിപാലന കേന്ദ്രങ്ങളെ കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വൃദ്ധസദനങ്ങളുടെ പ്രവർത്തനങ്ങൾ-ക്കായുള്ള സുരക്ഷാമാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ട്. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി, കോഴിക്കോട് ജില്ലയിലെ ചെങ്കോട്ട്കാവ് പഞ്ചായത്ത് എന്നിവിടങ്ങളിലെ മാതൃകാ സായംപ്രഭാ ഹോമുകളുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുകയും പദ്ധതി നടത്തിപ്പിന് പൊതുവായ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ, ബന്ധപ്പെട്ട പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങി വയോജനങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയുകയും അതിനുള്ള പരിഹാരം കണ്ടെത്തുകയും ചെയ്യുക, ആവശ്യമായ ചികിൽസയും മരുന്നും ലഭ്യമാക്കുക, തൊഴിലിനായി പുറത്തുപോകാൻ സാധിയ്ക്കാത്തവർക്ക് ആവശ്യമായ ഭക്ഷണകിറ്റ് എത്തിച്ച് നൽകുക, ടെലികൗൺസിലിംഗ്, ഓൺലൈൻ വഴി പരസ്പരം കാണുവാനും ആശയവിനിമയം നടത്തുവാനും സൗകര്യം ഏർപ്പെടുത്തുക, |

| | | | |
|---|---|---|---|
| | | | യോഗ, മോട്ടിവേഷണൽ ക്ലാസ് തുടങ്ങിയ സംഘടിപ്പിയ്ക്കുക, ലൈബ്രറി പുസ്തകങ്ങൾ, മാസികകൾ, ജേണലുകൾ എന്നിവ നൽകുക, വൃക്ഷത്തൈകളും പച്ചക്കറി തൈകളും വിതരണം ചെയ്യുക, വീടുകളിൽ നിന്ന് ചെയ്യാൻ പറ്റിയ കൈത്തൊഴിലുകൾ പ്രോൽസാഹിപ്പിയ്ക്കുക, ജീവിതക്രമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും അവബോധം ഉണ്ടാക്കുന്നതിനായി ടെലിഫോണിലൂടെയും ഇതര സാങ്കേതിക സംവിധാനങ്ങളിലൂടെയും വയോജനങ്ങളുമായി ആശയവിനിമയം നടത്തുക എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.<br>സർക്കാർ വൃദ്ധസദനങ്ങളിൽ റിവേഴ്സ് ക്വാറന്റൈൻ, ശുചിത്വപരിപാലനം, സാമൂഹിക അകലം തുടങ്ങിയ സർക്കാരും ആരോഗ്യ വകുപ്പും നിർദ്ദേശിയ്ക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. |
| (ബി) | വള്ളിക്കുന്ന് മണ്ഡലത്തിൽ വൃദ്ധജന പരിപാലന കേന്ദ്രം തുടങ്ങുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ